"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് -I ശ്രീമതി. സൗമിനി.എം.ന് കാസർഗോഡ് ജില്ലാപഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശ സ്വയം ഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം 1325/2023/LSGD തീയതി,തിരുവനന്തപുരം, 26-06-2023

പരാമർശം:-
1. സർക്കുലർ നം.42/13/ഫിൻ തീയതി: 10.03.2013.
2. 11.07.2022 ലെ സ.ഉ.(സാധാ)നം.1643/2022 തസ്വഭവ നമ്പർ ഉത്തരവ്
3. ശ്രീമതി.സൗമിനി എം സമർപ്പിച്ച 15.05.2023ലെ അപേക്ഷ
4. കേരള നിയമസഭാ സെക്രട്ടറിയുടെ 12.05.2023ലെ 12561/എസ് ബി 3/2022/നി.സെ നമ്പർ കത്ത്
5. കാസർഗോഡ് ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ 16.06.2023ലെ സി1-3010/2022 നമ്പർ കത്ത്

**ഉത്തരവ്**

കേരള നിയമസഭാ സെക്രട്ടറിയേറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ആയ ശ്രീമതി. സൗമിനി എം.ന് കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ ഉത്തരവ് തീയതി മുതൽ ഒരുവർഷത്തേയ്ക്ക് അന്യത്ര സേവനകാല വ്യവസ്ഥയിൽ നിയമനം നൽകി പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടിയാളുടെ അന്യത്ര സേവനകാലാവധി 10.07.2023 ന് അവസാനിക്കുന്നതിനാൽ 11.07.2023 മുതൽ പ്രസ്തുത അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ച് നൽകണമെന്നഭ്യർത്ഥിച്ച് ശ്രീമതി സൗമിനി എം. പരാമർശം(3) പ്രകാരം സമർപ്പിച്ച അപേക്ഷ. പരാമർശം (5) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി ശ്രീമതി. സൗമിനി എം.ന് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്ര സേവനകാലാവധി 11.7.2023 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് എതിർപ്പില്ലെന്ന് പരാമർശം (4) പ്രകാരം കേരള നിയമസഭാ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ആയ ശ്രീമതി.സൗമിനി എം ന്റെ കാസർഗോഡ് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്ര സേവനകാലാവധി കെ.എസ്.ആർ ഭാഗം 1. ചട്ടം 140(സി) യിലേയും പരാമർശം(1)- ലെ സർക്കുലറിലേയും വ്യവസ്ഥകൾക്കും ചുവടെപ്പറയുന്ന മറ്റ് വ്യവസ്ഥകൾക്കും വിധേയമായി 11.07.2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

i. അനുവദിക്കപ്പെട്ട അന്യത്ര സേവനത്തിന്റെ കാലാവധി അവസാനിക്കുന്നതിന് മുൻപ് കാലാവധി ദീർഘിപ്പിച്ച് ബന്ധപ്പെട്ട അധികാരികളുടെ അനുമതി ലഭിയ്ക്കാത്ത പക്ഷം അനുവദനീയമായ

കാലയളവ് അവസാനിക്കുന്ന ദിവസം അന്യത്ര സേവനത്തിലുള്ള ഉദ്യോഗസ്ഥയെ വിടുതൽ ചെയ്യേണ്ടതാണ്

ii. അന്യത്ര സേവന കാലാവധി അവസാനിക്കുകയും മാതൃ വകുപ്പിലേക്ക് തിരിച്ച് പോകാതിരിക്കുകയും ചെയ്താൽ ഉദ്യോഗസ്ഥയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.

iii. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് പെൻഷനോ ഇൻക്രിമെന്റിനോ പരിഗണിക്കുന്നതല്ല. കൂടാതെ ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യത്തോടെ തടയപ്പെടുകയും അന്യത്ര സേവന കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഉദ്യോഗസ്ഥയെ ശമ്പളവും മറ്റ് അലവൻസുകളും കൈപ്പറ്റുന്നതിൽ നിന്നും വിലക്കേണ്ടതുമാണ്.

iv. അനുമതി ഇല്ലാതെ അന്യത്ര സേവനത്തിൽ തുടരുന്ന കാലയളവ് ക്രമീകരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടിസെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ് , തിരുവനന്തപുരം

2.സെക്രട്ടറി, കേരള നിയമസഭ

3.പ്രസിഡന്റ് സെക്രട്ടറി, കാസർഗോഡ് ജില്ലാ പഞ്ചായത്ത്

4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

5.അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.

6.ശ്രീമതി.സൗമിനി എം , കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I ( 7.സെക്രട്ടറി, കാസർഗോഡ് ജില്ലാ പഞ്ചായത്ത് മുഖേന ).

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

8.എക്സിക്യൂട്ടീവ് ഡയറക്ടർ ഐ. കെ. എം.

9.കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിഎ1 75 2023 തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 27-06-2023 12:00:33